# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം

ഡിസംബർ–18 , 2017

## പത്രക്കുറിപ്പ്

## ജി.എസ്.ടി.–ട്രാൻ –1 റിട്ടേൺ 27 വരെ തിരുത്താൻ അവസരം

തിരുവനന്തപുരം– ജി.എസ്.ടി നിയമപ്രകാരം മുൻ കാലഘട്ടത്തിലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്താൻ വ്യാപാരികൾ സമർപ്പിച്ച ട്രാൻ–1 റിട്ടേണിലെ പിഴവുകൾ ഡിസംബർ 27 വരെ തിരുത്താം.

ജി.എസ്.ടി നിലവിൽ വരുന്നതിന് തൊട്ട് മുൻപുള്ള മാസത്തിൽ വ്യാപാരികൾ സമർപ്പിച്ച റിട്ടേണിൽ നീക്കിയിരിപ്പുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റാണ് ട്രാൻ–1 ഫോറത്തിൽ വെളിപ്പെടുത്തി ട്രാൻസിഷണൽ ക്രെഡിറ്റായി ജി.എസ്.ടി റിട്ടേണിൽ പ്രയോജനപ്പെടുത്തേണ്ടത്.

എന്നാൽ നിലവിലെ സാഹചര്യത്തിൽ അസ്വഭാവികവും, വ്യാപാരിയുടെ മുൻ റിട്ടേണുകളിൽ കാണാത്തതുമായ വലിയ തുകകൾ പല വ്യാപരികളും ട്രാൻസിഷണൽ ക്രെഡിറ്റായി ട്രാൻ–1 റിട്ടേണിൽ വെളിപ്പെടുത്തിയതായി പ്രഥമിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് ജി.എസ്.ടി. നിയമം വ്യാപാരിക്ക് നൽകുന്ന സ്വയം നികുതി നിർണ്ണയ അധികാരത്തിന്റെ ലംഘനമാണ്. മനപ്പൂർവ്വമോ അല്ലാതയോ ഉള്ള ഇത്തരം പിഴവുകൾ ട്രാൻ–1 തിരുത്തൽ വരുത്തി ഡിസംബർ 27 വരെ വ്യാപാരിയ്ക്ക് പരിഹരിക്കാം. ഇതിൽ വീഴ്ചവരുത്തുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പരിശോധനയും, നിയമ നടപടികളും ആരംഭിയ്ക്കുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.